**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1476** **01-07-2026-ൽ മറുപടിയ്ക്ക്**

**ഖജനാവിലെ തുക**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

ശ്രീ. രമേഷ് പിഷാരടി

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. രാജൻ. ജെ. പല്ലൻ

**(എ)** 2026 ഏപ്രിൽ മാസത്തിൽ പതിനൊന്നായിരത്തി അഞ്ഞൂറ്റിമൂന്ന് കോടി രൂപ കടമെടുത്തിരുന്നോ; വ്യക്തമാക്കുമോ;

**മറുപടി:** അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2026 ഏപ്രിൽ മാസത്തിൽ സർക്കാർ എടുത്ത മൊത്തം വായ്പ 5710.93 കോടി രൂപയാണ്

**(ബി)** 2026 ഏപ്രിൽ മാസത്തിൽ സർക്കാരിന്റെ നികുതി- നികുതിയേതര ആകെ വരുമാനവും ആകെ ചെലവും എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; ആകെ ചെലവിന്റെ പകുതി മാത്രം വരുമാനമായി ലഭിച്ചതിനാലാണോ ബാക്കി തുക കണ്ടെത്തുന്നതിനായി കടമെടുത്തതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** 2026 ഏപ്രിൽ മാസത്തിൽ സർക്കാരിന്റെ നികുതി - നികുതിയേതര ആകെ വരുമാനം (വായ്പ ഒഴികെയുള്ള) 11,417.12 കോടി രൂപയും ആകെ ചെലവ് 22920.59 കോടി രൂപയുമാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ Benchmark Issuance Strategy (BIS) പ്രകാരം 2026 ഏപ്രിൽ മാസം പൊതുവിപണിയിൽ നിന്നും സംസ്ഥാനത്തിന് 4600 കോടി രൂപയാണ് വായ്പയായി എടുക്കാൻ അനുവദനീയമായിരുന്നത്. ഈ തുകയും മറ്റ് വായ്പാ സ്രോതസ്സുകളിൽ നിന്നും ലഭിച്ച തുകയും സംസ്ഥാനത്തിന്റെ വരുമാന മാർഗ്ഗങ്ങളിൽ നിന്നും ലഭിച്ച തുകയും ചേർത്തുള്ള ആകെ വരവിൽ നിന്നും വായ്പാ തിരിച്ചടവടക്കമുള്ള തുകകൾ തട്ടിക്കിഴിച്ചതിനു ശേഷം സംസ്ഥാന അക്കൗണ്ടിൽ ഉണ്ടായിരുന്ന ബാക്കി തുകയാണ് റിസർവ് ബാങ്ക് ട്രഷറി നിക്ഷേപങ്ങളിൽ നിക്ഷേപിച്ചത്.

**(സി)** റിസർവ് ബാങ്കിൽ നിന്ന് കടമെടുത്ത തുക അടക്കമാണ് 2026 മെയ് ഒന്നിന് റിസർവ് ബാങ്കിലെ ട്രഷറി ബില്ലുകളിൽ കഴിഞ്ഞ സർക്കാർ നിക്ഷേപിച്ചതെന്ന ആക്ഷേപം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**